## പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2676 06.11.2019 -ലെ മറുപടിക്ക്**

## പാറശ്ശാല നിയോജക മണ്ഡലത്തിലെ അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.സി.കെ. ഹരീന്ദ്രൻ** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ ഫീസിബിലിറ്റി ഉള്ള പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ ഏതൊക്കെയാണെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ; | (എ) | പഞ്ചായത്ത് തിരിച്ചുള്ള വിശദാംശങ്ങൾ ഇപ്രകാരമാണ്. (പട്ടിക താഴെ) |
| (ബി) | അംബേദ്കർ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി അവയിൽ ഏതൊക്കെ കോളനികളെയാണ് നവീകരിക്കുന്നത് എന്നുള്ള വിവരം ലഭ്യമാക്കാമോ; രണ്ടാം ഘട്ട പ്രവർത്തനങ്ങൾക്കായി ഏതൊക്കെ കോളനികളെ തിരഞ്ഞെടുത്തിട്ടുണ്ട് എന്നുള്ള വിവരവും അറിയിക്കാമോ; | (ബി) | അംബേദ്കർ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി കോളനികളെ തെരഞ്ഞെടുത്തിട്ടില്ല. |
| (സി) | പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണത്തിനായി ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ള | (സി) | പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമം പദ്ധതിയും കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള കോളനി നവീകരണവുമാണ് നിലവിലുള്ളത്. |

| പഞ്ചായത്ത് | പട്ടികജാതി കോളനി | പട്ടികവർഗ്ഗ കോളനി |
|---|---|---|
| കുന്നത്ത്കാൽ | 2 | -- |
| വെള്ളറട | 2 | 05 |
| അമ്പൂരി | 2 | 12 |
| കള്ളിക്കാട് | -- | 02 |

| | | | |
|---|---|---|---|
| | തെന്നും ആയതിലേക്കായി കോളനികളെ തിരഞ്ഞെടുക്കുന്നതിന് സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | | അംബേദ്കർ ഗ്രാമം പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്നതിന് ടി കോളനിയിൽ മുപ്പതോ അതിലധികമോ പട്ടികജാതി കുടുംബങ്ങൾ ഉണ്ടായിരിക്കേണ്ടതും, കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ തെരഞ്ഞെടുക്കുമ്പോൾ ഗുണഭോക്താക്കളിൽ 51%-ൽ അധികം പട്ടികജാതിക്കാരായിരിക്കുകയും വേണം.<br>സംസ്ഥാനത്ത് ഏറ്റവും പിന്നാക്കം നിൽക്കുന്ന പട്ടികവർഗ്ഗ കോളനികളുടെ സാമൂഹിക സാമ്പത്തിക, അടിസ്ഥാന സൗകര്യങ്ങളിലുള്ള വികസന വിടവുകൾ മാനദണ്ഡമാക്കിയാണ് അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതിയിൽ കോളനികളെ തെരഞ്ഞെടുക്കുന്നത്. |

സെക്ഷൻ ഓഫീസർ